## പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4959 — 23.03.2018-ൽ മറുപടിയ്ക്ക്

## അവശരായ നാടക കലാകാരൻമാർക്കും മറ്റ് സ്റ്റേജ് ആർട്ടിസ്റ്റുകൾക്കും ക്ഷേമനിധി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ആർ. രാമചന്ദ്രൻ :** | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| എ) സംസ്ഥാനത്തെ അവശരായ നാടക കലാകാരൻമാർക്ക് പെൻഷൻ നിലവിലുണ്ടോ; വിശദീകരിക്കുമോ; | എ) സാംസ്കാരിക വകുപ്പ് മുഖേന നൽകിവരുന്ന സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയിലും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി മുഖേനയുള്ള പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള അവശരായ നാടക കലാകാരന്മാർക്ക് പെൻഷൻ നൽകിവരുന്നു. |
| ബി) ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ, ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | ബി) 2010 ലെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ ഉപവകുപ്പ് 2(ഡി)യിൽ നാടക വിഭാഗത്തെ ഉൾപ്പെടുത്തി ക്ഷേമനിധി അംഗത്വം നൽകി വരുന്നുണ്ട്. ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം 50/-രൂപ ഫീസ് നൽകേണ്ടതാണ്. അപേക്ഷാ ഫീസ് നേരിട്ട് പണമായോ സെക്രട്ടറിയുടെ പേരിൽ ഡി.ഡി. ആയോ അടയ്ക്കാവുന്നതാണ്. മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായവർക്ക് ഈ ക്ഷേമനിധി അംഗത്വത്തിന് അർഹതയുണ്ടായിരിക്കില്ല. 60 വയസ്സ് കഴിഞ്ഞവർക്ക് പ്രതിമാസം 3000 രൂപ പെൻഷൻ നൽകിവരുന്നുണ്ട്. |
| സി) അവശരായ നാടക കലാകാരൻമാർക്കും മറ്റ് സ്റ്റേജ് ആർട്ടിസ്റ്റുകൾക്കും സമഗ്ര ചികിത്സാ പദ്ധതിയും മെച്ചപ്പെട്ട തുക പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | സി) അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് സാംസ്കാരിക വകുപ്പ് മുഖേന അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയിലും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലും മാനദണ്ഡപ്രകാരം അർഹതയുള്ള അവശരായ നാടക കലാകാരന്മാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയിലും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി മുഖേനയുള്ള പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള സംസ്ഥാനത്തെ അവശരായ |

നാടക കലാകാരന്മാർക്ക് മെച്ചപ്പെട്ട തുക പെൻഷനായി നൽകിവരുന്നു. കേരള സംഗീത നാടക അക്കാദമി ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന അപകട വൈദ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ പ്രൊഫഷണൽ നാടകം, വാദ്യകല, കഥാപ്രസംഗം, മാജിക്, സർക്കസ് തുടങ്ങിയ വിഭാഗങ്ങളിലെ കലാകാരന്മാർക്ക് സമഗ്രചികിത്സാ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**